കൂടാതെ മുൻവർഷങ്ങളിൽ കൃഷിക്കായി നൽകിയ ഗ്രോബാഗുകൾ വീണ്ടും കൃഷി യോഗ്യമാക്കുന്നതിന് ആവശ്യമായ വിത്ത്, വളം, തൈകൾ എന്നിവയും സഹായം നൽകുന്നുണ്ട്.

4. കൂടാതെ വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ മാധ്യമങ്ങൾ മുഖേന 5 ലക്ഷം വിത്തു പായ്ക്കറ്റുകളും ഗവൺമെന്റ് ഇതര സംഘടനകൾ മുഖേന 4 ലക്ഷം വിത്തു പായ്ക്കറ്റുകളും സൗജന്യമായി നൽകുന്നു. 20 രൂപ വിലയുള്ള വിത്തു പായ്ക്കറ്റുകളാണ് ഇപ്രകാരം നൽകുന്നത്.

കേരള ബ്രാൻഡ് പദ്ധതി

135 (1504) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജൈവകൃഷിക്കുവേണ്ടി കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രാദേശിക ഉല്പന്നങ്ങൾക്ക് ബ്രാൻഡ് അംഗീകാരം നേടിയെടുക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭ്യമാണോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ജൈവകൃഷിക്കുവേണ്ടി കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. പ്രാദേശിക ഉൽപ്പന്നങ്ങളുടെ മേന്മയനുസരിച്ച് അതിന് പ്രത്യേക ബ്രാൻഡ് നൽകി വിപണി വർദ്ധിപ്പിച്ച് കർഷകർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) 10-10-2013-ലെ സ.ഉ (ആർ.ടി.) നമ്പർ 1809/13 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള ബ്രാൻഡ് പദ്ധതിക്ക് അനുമതി നൽകി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൈവകൃഷിമുറകൾ അടിസ്ഥാനപ്പെടുത്തിയുള്ള ജലസേചനം കീടരോഗ നിയന്ത്രണം വിളപരിപാലനം സർട്ടിഫിക്കേഷൻ എന്നിവയിൽ അവലംബിക്കേണ്ടതായിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. ടി സർക്കാർ ഉത്തരവുപ്രകാരം വയനാട്, ഇടുക്കി ജില്ലകളിലെ ഓരോ താലൂക്കുവീതം ജൈവ താലൂക്കുകളായി മാറ്റുവാനുത്തരവായിട്ടുണ്ട്.

(ഡി) 2013-14 സാമ്പത്തിക വർഷത്തിലും 2014-15 സാമ്പത്തിക വർഷത്തിലും ഉപഭോക്താക്കൾക്ക് 1,000 രൂപ (ആയിരം രൂപ മാത്രം) വീതമാണ് പ്രൊവിഷൻ വകയിരുത്തിയിരുന്നത്. കേന്ദ്ര സഹായം ലഭ്യമായിട്ടില്ല.

കൃഷി ഫാമുകളുടെ പുരോഗതിയും വിത്തിനങ്ങളുടെ ലഭ്യതയും

136 (1505) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് സർക്കാരിന്റെ വക എത്ര കൃഷി ഫാമുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവ ഏതൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കുമോ ;

(ബി) ഈ ഫാമുകളിൽ കേരളത്തിലെ കൃഷിക്കാരുടെ ആവശ്യാനുസരണമുള്ള വിവിധയിനം വിത്തുകൾ നൽകിവരുന്നുണ്ടോയെന്ന വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിക്കാരുടെ ഉന്നമനത്തിനായി കൃഷി ഫാമുകളിൽ പുതിയ എന്തൊക്കെ കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ വക 64 ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ ഫാമുകളിൽനിന്നും കേരളത്തിലെ കൃഷിക്കാരുടെ ആവശ്യാനുസരണം വിവിധയിനം വിത്തുകളും നടീൽവസ്തുക്കളും ഉൽപ്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു.

*അനുബന്ധം വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly